# പതിനാലാം കേരള നിയമസഭ
## (ഏഴാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1319** **10.08.2017-ൽ മറുപടിയ്ക്ക്**

## നെയ്യാറ്റിൻകര നഗരസഭാ മാർക്കറ്റ്, പൊഴിയൂർ ആശുപത്രി എന്നിവിടങ്ങളിലെ ഫിഷറീസ് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ | ശ്രീമതി.ജെ . മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഫിഷറിസ് വകുപ്പ് തയ്യാറാക്കിയ എ) ഡി.പി.ആർ. അനുസരിച്ച് യും നെയ്യാറ്റിൻകര നഗരസഭാ മാർക്കറ്റ്, ബി) പൊഴിയൂർ ആശുപത്രി എന്നിവിടങ്ങളിലെ യും നിർമ്മാണ പ്രവൃത്തികൾക്ക് കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുണ്ടോ;<br><br>ബി) മേൽപ്പറഞ്ഞ പദ്ധതികൾക്ക് ഡി.പി.ആർ. എന്നാണ് കിഫ്ബിയിൽ നല്കിയതെന്ന് വ്യക്തമാക്കുമോ; | നെയ്യാറ്റിൻകര നഗരസഭാ മത്സ്യമാർക്കറ്റ്, പൊഴിയൂർ ആശുപത്രി എന്നിവയ്ക്ക് KIIFB- യിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടില്ല. നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിയൂർ Public Health Centre- ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 376.02 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ടും നെയ്യാറ്റിൻകര നഗരസഭാ മത്സ്യമാർക്കറ്റ് പുനരുദ്ധരിക്കുന്നതിനായി 416.30 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ടും KIIFB-ൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിലേക്കായി ഫിഷറീസ് ഡയറക്ടർ 24.07.2017-ന് സർക്കാരിന് സമർപ്പിച്ചിട്ടു ണ്ട്. ടി പ്രൊപ്പോസലുകൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) ഏതുതരം പ്രവൃത്തികളാണ് സി) നെയ്യാറ്റിൻകര നഗരസഭാ മാർക്കറ്റ്, പൊഴിയൂർ ആശുപത്രി എന്നിവിടങ്ങളിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്? | KIIFB-ൽ ഉൾപ്പെടുത്തുന്നതിനായി നെയ്യാറ്റിൻകര നഗരസഭ മത്സ്യമാർക്കറ്റിൽ 1096.2 ച.മീറ്റർ വിസ്തൃതിയിൽ ഒരു ഇരുനില മാർക്കറ്റ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ടാണ് ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത മാർക്കറ്റ് കെട്ടിടത്തിന്റെ താഴത്തെ നിലയിൽ 60 റീട്ടെയിൽ ഔട്ട് ലെറ്റുകൾ, ഒരു ലേല ഹാൾ, ഫ്ളേക്ക് ഐസ് യൂണിറ്റ്, ചിൽ റൂം സംവിധാനം എന്നിവയും മുകളിലത്തെ നിലയിൽ 8 ഉണക്ക മത്സ്യസ്റ്റാളുകൾ, ഓഫീസ് മുറി, 2 വിശ്രമമുറികൾ, ഒരു ഹാൾ, ടോയ്‌ലറ്റ് സംവിധാനം എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. ഇതേ മണ്ഡലത്തിൽ തന്നെ സ്ഥിതി ചെയ്യുന്ന പൊഴിയൂർ പബ്ലിക് ഹെൽത്ത് സെന്ററിന് 1215 ച. മീറ്റർ വിസ്തൃതിയിൽ മൂന്ന് നില കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ടും സമർപ്പിച്ചിട്ടു ണ്ട്. താഴത്തെ നിലയിൽ ഡോക്ടർമാർക്കുള്ള മുറി, നെഴ്സുമാരുടെ മുറി, ലബോറട്ടറി, സ്റ്റോർ, ഇഞ്ചക്ഷൻ മുറി, ഡോക്ടർമാരുടെ വിശ്രമമുറി, റിസപ്ഷൻ കൗണ്ടർ, വെയിറ്റിംഗ് ഏരിയ എന്നിവയും ഒന്നാമത്തെ നിലയിൽ പീഡിയാട്രിക് വാർഡ്, |

അമ്മമാരുടെ വിശ്രമ മുറി, നെഴ്സുമാരുടെ വിശ്രമ മുറി, ടോയ്ലറ്റ് സംവിധാനം എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. സ്ത്രീകൾക്കും

പുരുഷന്മാർക്കും വെവ്വേറ വാർഡുകൾ, നെഴ്സുമാരുടെ മുറി, സ്റ്റോക്ക് മുറി, ടോയ്ലറ്റ് എന്നിവ മൂന്നാം നിലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**സെക്ഷൻ ആഫീസർ**